(സി) 1. പുതുക്കോട് ഭാഗം ലൈൻ എക്സ്റ്റൻഷൻ വർക്ക്.

2. കൊളക്കാട്ട് പാറ ഭാഗം ലൈൻ എക്സ്റ്റൻഷൻ വർക്ക്.

3. പന്നിയൂർക്കുന്ന് ഭാഗം ലൈൻ എക്സ്റ്റൻഷൻ വർക്ക്.

4. മാട്ടുമുറി കോളനി വൈദ്യുതീകരണം.

5. പെരുതൊടി വയലുംതല നാൽപതിൽ ഭാഗം വൈദ്യുതീകരണം.

മേൽപ്പറഞ്ഞ വർക്കുകൾ സാധന സാമഗ്രികളുടെ ലഭ്യതയനുസരിച്ച് മൂന്ന് മാസം കൊണ്ട് പൂർത്തീകരിക്കാൻ കഴിയും.

(ഡി) നിലവിൽ നിയമമില്ല.

കട്ടപ്പന വൈദ്യുത ഡിവിഷണൽ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക

160 [3565] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ കട്ടപ്പന വൈദ്യുത ഡിവിഷണൽ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക പുതുക്കി കിട്ടുന്നതിന് ശ്രീ. പി. എൻ. ഗോപാലകൃഷ്ണൻ എന്നയാൾ അപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് അപേക്ഷ നൽകിയത്;

(ബി) ഈ അപേക്ഷയിൻമേൽ എന്തെല്ലാം തുടർ നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഓഫീസ് കെട്ടിടത്തിന്റെ വാടക 3 വർഷത്തിലൊരിക്കൽ പുതുക്കേണ്ടത് പുതുക്കി നൽകാത്തതിന്റെ കാരണമെന്തെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ വാടക പുതുക്കി നൽകുന്നതിന് അടിയന്തിരമായി നിർദ്ദേശം നൽകുമോ;

(ഇ) വാടക പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 25-2-2002-ൽ.

(ബി & സി) പി. ഡബ്ല്യു. ഡി. നിരക്കാണ് കെ. എസ്. ഇ. ബി.-യിൽ നിലവിലുള്ളത്. അതുപ്രകാരം വാടകയിനത്തിൽ നൽകാവുന്ന ഏറ്റവും കൂടിയ തുക 9366 രൂപയാണ്. എന്നാൽ കെട്ടിട ഉടമ 10,500 രൂപയിൽ കുറഞ്ഞ കെട്ടിടം നൽകാൻ തയ്യാറായിരുന്നില്ല. ഈ സാഹചര്യത്തിൽ ഡിവിഷൻ ഓഫീസ് ബോർഡ് വക കെട്ടിടത്തിലേക്ക് മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ട്. ബോർഡ് വക കെട്ടിടത്തിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഡിവിഷനാഫീസ് മാറ്റുവാൻ തീരുമാനിച്ചതിനാൽ വാടകക്കാരനുമായുള്ള എഗ്രിമെന്റ് പുതുക്കാൻ ഉദ്ദേശിക്കുന്നില്ല. ബോർഡു വക കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ പൂർത്തിയായാൽ ഉടൻ തന്നെ ഡിവിഷനാഫീസ് മാറ്റുന്നതാണ്.

(ഡി & ഇ) ഉദിക്കുന്നില്ല.

മല്ലപ്പള്ളി ഇലക്ട്രിക്കൽ മേജർ സെക്ഷനിലെ വർക്കുകൾ

161 [3566] ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മല്ലപ്പള്ളി ഇലക്ട്രിക്കൽ മേജർ സെക്ഷനിലെ മുൻഗണനാപ്രകാരമുള്ള ഒന്നും രണ്ടും വർക്കുകളിൽ ഒന്നാമത്തെ വർക്ക് എ. പി. ഡി. ആർ. പി. സ്കീമിൽപ്പെടുന്നതാകയാൽ രണ്ടാമത്തെ വർക്കിന് മുൻഗണന നൽകി ചെയ്യാൻ വി. ഐ. പി. 2154/03/എം./ഇ1/നമ്പറായി 15-10-2003-ന് പത്തനംതിട്ട ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് നൽകിയ ഉത്തരവിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) രണ്ടാമത്തെ വർക്ക് പാടശേഖരത്തിലൂടെ ഉള്ളതാകയാൽ മഴക്കാലത്തിനുമുൻപ് ഈ പണി പൂർത്തിയാക്കണമെന്ന ഈ ഉത്തരവ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് എന്നാണ് ലഭിച്ചത്;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയോ; നൽകിയെങ്കിൽ എന്ന്; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഒന്നാമത്തെ വർക്കായ തോട്ടപ്പടിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന വർക്ക് നടത്തിയോ; എങ്കിൽ എന്ന് പൂർത്തിയാക്കി;

(ഇ) ഇതിനുമുൻപ് നടത്താൻ നിർദ്ദേശിച്ച കാളിയോട്ട് പടിയിലേക്കുള്ള വർക്ക് ടെൻഡർ ചെയ്തോ; എങ്കിൽ എന്ന്; ഇത് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ നൽകിയ നിർദ്ദേശപ്രകാരമാണോ ചെയ്തത്; ഈ നിർദ്ദേശപ്രകാരമാണെങ്കിൽ നിർദ്ദേശം എന്നാണ് ലഭിച്ചത്;

(എഫ്) മഴക്കാലത്തിനു മുൻപ് തീരേണ്ട വർക്ക് എന്ന നിലയിൽ ഗവൺമെന്റ് നൽകിയ ഉത്തരവിൻമേൽ സാധാരണനിലയിൽ എത്ര ദിവസത്തിനുള്ളിൽ നടപടി സ്വീകരിക്കണം; അത് ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) മല്ലപ്പള്ളി ഇലക്ട്രിക്കൽ സെക്ഷനിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീമിലുള്ള ഒന്നും, രണ്ടും വർക്കുകൾ യഥാക്രമം EDT 127/99, EDT 128/99 ആയിരുന്നു. ഇതിൽ ആദ്യത്തെ വർക്കായ EDT 127/99 എ. പി.

LIBRARY ARCHIVES Kerala Legislative Assembly

Page 2